# യോഹന്നാന്റെ ജീവപഠനം

## ദൂത് ഇരുപത്തിയാറ്

## ജീവന്റെ ഫലവും പെരുക്കവും

## (2)

### II. ജീവന്റെ പെരുക്കം മരണപുനരുത്ഥാനങ്ങളിലൂടെ

ഈ ദൂതിൽ യോഹന്നാൻ പന്ത്രണ്ടാം അദ്ധ്യായത്തിന്റെ രണ്ടാം ഭാഗത്തേക്ക് നാം വരുന്നു. പുനരുത്ഥാനജീവനായി കർത്താവിലൂടെ സഭ നിലവിൽവന്നു എന്ന് ഈ അദ്ധ്യായത്തിന്റെ ഒന്നാം ഭാഗത്ത്, ഒരു നിഴലായി, നാം കാണുന്നു. നമുക്ക് അവന്റെ പുനരുത്ഥാന ജീവനാൽ സഭയുണ്ട്. എന്നാൽ സഭയെ വർദ്ധിപ്പിക്കുവാൻ കർത്താവിന് എങ്ങനെ കഴിയും? ഈ അദ്ധ്യായത്തിന്റെ രണ്ടാം ഭാഗത്ത് അത് കാണിച്ചിരിക്കുന്നു(വാ.12-36). സഭ ഉള്ളത് എങ്ങനെ എന്ന് ആദ്യഭാഗം കാണിക്കുന്നു. എന്നാൽ രണ്ടാം ഭാഗം കർത്താവിന് എങ്ങനെ തന്റെ മരണ പുനരുത്ഥാനങ്ങളിലൂടെ സഭയെ വർദ്ധിപ്പിക്കുവാൻ കഴിയും എന്ന് കാണിക്കുന്നു.

### A. യേശുവിന് സുവർണ്ണകാലം

ഈ ഘട്ടത്തിൽ, ലൗകികമായ കാഴ്ചപ്പാട് അനുസരിച്ച് യേശു തന്റെ സുവർണ്ണദശയിൽ ആയിരുന്നു. ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചത് സകല ജനത്തെയും കുലുക്കിയതായ ഒരു അത്ഭുതമായിരുന്നു. അടക്കപ്പെട്ട് നാലു ദിവസമാവുകയും നാറ്റം വയ്ക്കുകപോലും ചെയ്ത ഒരു വ്യക്തിയെ ഉയിർപ്പിച്ചത് ഒരു യഥാർത്ഥ അത്ഭുതമായിരുന്നു. കർത്താവ് ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചതുകൊണ്ട് യെഹൂദന്മാരുടെ ഒരു വലിയ ജനക്കൂട്ടം അവനെ വളരെ ആദരിക്കുകയും ഹൃദ്യമായി വരവേൽക്കുകയും ചെയ്തു(വാ.12-19). "ഹോശന്നാ, യിസ്രായേലിന്റെ രാജാവായി കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ!" എന്ന് ആർത്തുകൊണ്ട് അവർ അവനെ

വരവേറ്റു. മാനുഷികമായി പറഞ്ഞാൽ കർത്താവിന് താൻ ഭൂമിയിലായിരുന്നപ്പോഴത്തെ ഏറ്റവും മഹത്വകരമായ സമയംതന്നെയായിരുന്നു അത്. ജനങ്ങളെല്ലാം അവനെ സ്തുതിക്കുകയും വരവേൽക്കുകയും മാനിക്കുകയും ആദരിക്കുകയും ചെയ്തു. യവനന്മാർപോലും അവനെ അന്വേഷിച്ചുവന്നു(വാ.20-22). യെഹൂദന്മാർ അവനെ വരവേൽക്കുകയും യവനന്മാരായ ജാതികൾ അവനെ അനുഗമിക്കുവാൻ അന്വേഷിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള വരവേല്പും അംഗീകാരവും സ്വീകരിച്ചതുമൂലം സഭയെ ഉളവാക്കുവാനും വർദ്ധിപ്പിക്കുവാനും കർത്താവിന് കഴിയുമായിരുന്നുവോ? ഇല്ല, സഭയെ ഉളവാക്കുവാനോ വർദ്ധിപ്പിക്കുവാനോ ഉള്ള മാർഗ്ഗം ഇതല്ല. സഭയെ നിലവിൽകൊണ്ടുവരുവാനും അതിനെ ജീവനിൽ വർദ്ധിപ്പിക്കുവാനും ഉള്ള മാർഗ്ഗം ഇതല്ല.

## B. ഒരു ഗോതമ്പുമണിയായി നിലത്തു വീഴുക

യെഹൂദന്മാരും യവനന്മാരും കർത്താവിനെ വരവേൽക്കുകയും അംഗീകരിക്കുകയും ചെയ്തതായ ആ നിമിഷത്തിൽതന്നെ അവൻ എന്ത് പറഞ്ഞു? നാം അവിടെ ഉണ്ടായിരുന്നുവെങ്കിൽ, അല്ലെങ്കിൽ, അത്തരം ഒരു വരവേല്പ് നമുക്കാണ് ലഭിച്ചിരുന്നതെങ്കിൽ,"കർത്താവിനു സ്തോത്രം. ദൈവത്തെ മഹത്വപ്പെടുത്തുവാൻ നാം ചിലത് ചെയ്യേണ്ട സമയം ഇതാണ്" എന്നു നാം പറയുമായിരുന്നു. എന്നാൽ, കർത്താവായ യേശു ആവേശംകൊണ്ടില്ല. വരവേല്പ് കൂടുന്തോറും, അവൻ ശാന്തനായി. അവനെ അന്വേഷിക്കുന്തോറും, തന്നെ അന്വേഷിക്കുന്നവർക്ക് അവൻ ഉന്മേഷരഹിതനായി. അന്വേഷകരോട് താൻ, ഒരു ഗോതമ്പുമണിയായിരുന്നു എന്ന് പറഞ്ഞു. അവൻ പറഞ്ഞു, "സത്യമായും സത്യമായും ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അത് തനിയേ ഇരിക്കുന്നു; ചത്തു എങ്കിലോ വളരെ ഫലം കായിക്കുന്നു"(വാ.24). അത്തരം ഒരു മാനുഷികമായ വരവേല്പിനോടുള്ള കർത്താവിന്റെ മനോഭാവം ഇതായിരുന്നു. മാനുഷികമായ ആദരവിന്റെ മഹത്വത്തോടുള്ള അവന്റെ പ്രതികരണം ഇതായിരുന്നു. ഒരു ഗോതമ്പുമണിക്ക് വർദ്ധിക്കുവാനുള്ള വഴി എന്താണ്? അത് വരവേല്ക്കപ്പെടുന്നതിനാലോ ആദരിക്കപ്പെടുന്നതിനാലോ അല്ല, മറിച്ച് മരിക്കുവാനായി നിലത്ത് വീഴുന്നതിനാലാണ്. ഇത് മാനുഷിക ധാരണയ്ക്ക് തികച്ചും വിരുദ്ധമാണ്. എന്നാൽ, സഭയെ ഉളവാക്കുവാനും അതിനെ ജീവനിൽ വർദ്ധിപ്പിക്കുവാനും ഉള്ള ഏക മാർഗ്ഗം ഇതാണെന്ന് നാം ഓർമ്മിക്കേണ്ടതുണ്ട്. മാനുഷിക വരവേല്പ് നിങ്ങൾക്കു ലഭിക്കുമ്പോഴെല്ലാം, നിങ്ങൾ പറയണം,"ഞാൻ മരിക്കണം." മാനുഷിക അംഗീകാരം നിങ്ങൾക്കു ലഭിക്കുമ്പോഴെല്ലാം, നിങ്ങൾ ഇങ്ങനെ പറയണം,"ഞാൻ സംസ്കരിക്കപ്പെടണം." "ഹാലേലൂയ്യാ, ദൈവത്തിനു സ്തോത്രം"എന്നു പറയരുത്. ദൈവത്തെ മഹത്വപ്പെടുത്തുകയാണ് നിങ്ങളുടെ ഉദ്ദേശ്യ

മെങ്കിൽപോലും നിങ്ങൾ എന്തെങ്കിലും ചെയ്യുവാനുള്ള നല്ല സമയം ഇതല്ല. ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള ശരിയായ മാർഗ്ഗം നിങ്ങൾ മരിക്കുകയും സംസ്കരിക്കപ്പെടുകയുമാണ്.

കർത്താവായ യേശു ആ സുവർണ്ണാവസരം തന്റെ വർദ്ധനവിനുള്ള മാർഗ്ഗമായി ഉപയോഗിച്ചില്ല. അവൻ അങ്ങനെ ചെയ്തിരുന്നുവെങ്കിൽ, അവൻ ഒരു വലിയ തെറ്റ് ചെയ്യുമായിരുന്നു. സുവർണ്ണാവസരം ഒരിക്കലും വർദ്ധനവിനുവേണ്ടിയുള്ളതല്ല. നിങ്ങൾ സഭാചരിത്രം വായിക്കുന്നുവെങ്കിൽ, സഭക്ക് വർദ്ധനവുണ്ടായപ്പോഴെല്ലാം അത് ഒരു സുവർണ്ണാവസരത്തിന്റെയല്ല, പിന്നെയോ പീഡയുടെ ഫലമായിരുന്നു എന്നു നിങ്ങൾ കാണും. സഭയുടെ വർദ്ധനവിനുള്ള കാലം ഹൃദ്യമായ വരവേല്പ്പിന്റെ കാലമല്ല, പീഡയുടെ കാലമാണ്. ശത്രു സഭയെ മരണത്തിൽ ആക്കിവയ്ക്കുമ്പോൾ, അതാണ് സഭക്ക് വർദ്ധിക്കുവാനുള്ള സമയം. പീഡയും എതിർപ്പും കൂടുന്തോറും സഭയ്ക്ക് കൂടുതൽ വർദ്ധനവുണ്ടാകും. റോമാ സാമ്രാജ്യത്തിന്റെ കൈകളാലുണ്ടായ ഉപദ്രവം, ആദ്യ രണ്ടു നൂറ്റാണ്ടുകളിലെ സഭയുടെ വളർച്ചയെ തടസ്സപ്പെടുത്തിയില്ല, പിന്നെയോ വളരുവാൻ അതിനെ സഹായിക്കുകയായിരുന്നു ചെയ്തത്. പിന്നെ എന്തായിരുന്നു സഭയെ ക്ഷയിപ്പിച്ചത്? റോമാസാമ്രാജ്യത്തിന്റെ വരവേല്പ്പ്. റോമാസാമ്രാജ്യം അതിന്റെ പീഡനം വരവേല്പ്പിലേക്ക് തിരിച്ചപ്പോൾ, സഭാജീവിതം നശിച്ചു. മനുഷ്യന്റെ വരവേല്പ്പിനാൽ ആവേശം കൊള്ളരുത്. മനുഷ്യന്റെ വരവേല്പ്പ് എല്ലായ്പ്പോഴും നമ്മെ നശിപ്പിക്കുകയും ദുഷിപ്പിക്കുകയും ചെയ്യും. മനുഷ്യന്റെ പീഡയും എതിർപ്പും ക്രിസ്തുവിന്റെ വർദ്ധനവിനുള്ള സുവർണ്ണാവസരമായതിനാൽ കർത്താവിന് സ്തോത്രം. അവൻ ഏക ഗോതമ്പുമണിയാണ്. ആ ഗോതമ്പുമണിക്ക് വർദ്ധിക്കുവാൻ നിലത്തുവീഴുകയും ചാവുകയും അല്ലാതെ വേറെ മാർഗ്ഗമില്ല. ജീവന്റെ വർദ്ധനവിനുള്ള മാർഗ്ഗം ഇതാണ്.

ഒരു ഗോതമ്പുമണി നിലത്ത് വീണ് ചാകുന്നില്ലെങ്കിൽ, അത് കേവലം ഒരു മണിയായി അവശേഷിക്കുകയും, ഒരിക്കലും യാതൊന്നും ഉളവാക്കാതിരിക്കുകയും ചെയ്യും. എന്നാൽ, അത് ചത്തശേഷം ഏക ഗോതമ്പുമണി വളർന്ന് അനേക മണികൾ അഥവാ വളരെ ഫലം ആയിത്തീരുന്നതിനായി കർത്താവിനു സ്തോത്രം. ഈ അനേക മണികൾ അഥവാ വളരെ ഫലം ആണ് സഭ. ഇതാണ് സഭ ഉളവാക്കുവാനുള്ള മാർഗ്ഗം. കർത്താവിന് സഭയെ വർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗവും ഇതാണ്. നമുക്ക് സഭയെ ഉളവാക്കുവാനും അതിനെ വർദ്ധിപ്പിക്കുവാനും ഉള്ള മാർഗ്ഗവും ഇതായിരിക്കണം. നാം മാനുഷിക വരവേല്പിനെ മരണത്താൽ, ക്രൂശ് എടുക്കുന്നതിലൂടെ നേരിടണം. സഭയ്ക്ക് നിലവിൽ വരുവാനും വർദ്ധിക്കുവാനുമുള്ള മാർഗ്ഗം മാനുഷിക മഹത്വമല്ല; അത് ക്രൂശുമരണമാണ്.

സഹോദരൻ ഹഡ്സൺ ടെയ്ലർ രൂപീകരിച്ചതുപോലെയുള്ള പ്രധാന സുവിശേഷ സംഘങ്ങൾ, പല നല്ല മിഷണറിമാരെയും ചൈനയിലേക്കയച്ചുവെങ്കിലും, ശരിയായ സഭാജീവിതത്തിന് തക്ക ഫലം ഉണ്ടായില്ലെന്ന് ചരിത്രം തെളിയിക്കുന്നു. ഒരു ബ്രിട്ടീഷ് സംഘം അയച്ച മാർഗരറ്റ് ഇ. ബാർബർ എന്നു പേരായ ഒരു സഹോദരി ചൈനയിലേക്ക് പോയ പല മിഷണറിമാരിൽ ഒരാളായിരുന്നു. അവളുടെമേൽ തെറ്റായി കുറ്റം ചുമത്തപ്പെട്ടതുമൂലം ഇംഗ്ലണ്ടിലേക്ക് അവളെ തിരികെ വിളിക്കുകയും പിന്നീട് കർത്താവിനാൽ നിരപരാധിയെന്ന് സ്ഥാപിക്കപ്പെടുകയും ചെയ്തു. പിന്നീട് ചൈനയിലേക്ക് മടങ്ങിപ്പോകുവാൻ കർത്താവ് അവൾക്ക് ഭാരം കൊടുത്തു. ഒരു സംഘവും അവളെ അയച്ചില്ല, എന്നാൽ വിശ്വാസത്താൽ അവിടെ പോവുകയും പഗോഡ എന്ന ചെറുപട്ടണത്തിൽ സഹോദരൻ വാച്ച്മാൻ നീയുടെ ജന്മനാടിന് വളരെ അടുത്ത് താമസമുറപ്പിക്കുകയും ചെയ്തു. മറ്റു സ്ഥലങ്ങൾ സന്ദർശിക്കാതെ മനപ്പൂർവ്വം അവൾ അവിടെ താമസിച്ചു. ഒരർത്ഥത്തിൽ ഒരു ഗോതമ്പുമണിയായി അവളെ കർത്താവ് അവിടെ വിതച്ചു. 1929-ൽ മരിക്കുന്നതുവരെ വർഷങ്ങളോളം അവൾ അവിടെത്തന്നെ തുടർന്നു.

സഹോദരി ബാർബറുമായുള്ള ബന്ധത്തിന്റെ മുഴുവൻ കഥയും സഹോദരൻ നീ എന്നോട് വ്യക്തിപരമായി പറഞ്ഞിട്ടുണ്ട്. മറ്റു ചെറുപ്പക്കാരോടൊപ്പം സഹായം സ്വീകരിക്കുവാൻ സഹോദരൻ നീ അവളുടെ അടുക്കൽ പോയി. അവൾ ആഴമായ നിലയിൽ കർത്താവിലുള്ളവളും കർക്കശക്കാരിയുമായിരുന്നു. അവർ പലപ്പോഴും ചെറുപ്പക്കാരെ ശാസിച്ചു. മിക്കവർക്കും അവളുടെ ശാസനകൾ സഹിക്കുവാൻ കഴിഞ്ഞില്ലെന്ന് സഹോദരൻ നീ എന്നോട് പറഞ്ഞു. ഒടുവിൽ, അവരുടെ ശാസനകൾക്കുള്ള യാഗമായി തന്നെത്തന്നെ സമർപ്പിച്ചുകൊണ്ട്, അവരുടെ അടുക്കൽ പോകുന്ന ഏതാണ്ട് ഒരേയൊരാളായി അവൻ. മനപ്പൂർവ്വം അവനത് ചെയ്തു. കുറച്ചുകാലം കഴിയുമ്പോൾ തനിക്ക് ശാസനയുടെ ആവശ്യം അനുഭവപ്പെടുകയും കൂടുതൽ ശാസനയ്ക്കായി അവരുടെ അടുക്കൽ പോവുകയും അവരത് ചെയ്യുകയും ചെയ്തു. 1929-ൽ അവർ കർത്താവിന്റെ അടുക്കലേക്ക് പോയി. വിൽപ്പത്രത്തിൽ സഹോദരൻ നീക്ക് നൽകിയ അനേക കുറിപ്പുകളുള്ള ഒരു വേദപുസ്തകമല്ലാതെ ആർക്കെങ്കിലും അവകാശമായി ലഭിക്കുവാൻ അധികമൊന്നും അവർക്കില്ലായിരുന്നു. സഹോദരി ബാർബർ വിതയ്ക്കപ്പെട്ട ഒരു വിത്തും, സഹോദരൻ നീ, ആ വിത്തിൽനിന്നു വളർന്ന ഒരു ധാന്യമണിയും ആയിരുന്നു. അവളിൽനിന്നു വളർന്ന ഒരു വിത്ത് എന്ന നിലയിൽ സഹോദരൻ നീ ശരിയായ സഭാജീവിതത്തിന്റെ പ്രത്യുദ്ധാരത്തിനുവേണ്ടിയുള്ള മഹത്തായ ഒരു പാത്രമായിത്തീർന്നു. സഭയെ ജീവനിൽ ഉളവാക്കുവാനും വർദ്ധിപ്പിക്കുവാനും ഉള്ള മാർഗ്ഗം ഇതാണ്. ഇത്, തീർച്ചയായും സുവർണ്ണാവസരത്തിന്റെ കാര്യമല്ല.

1940-ൽ, ചൈനാ-ജപ്പാൻ യുദ്ധകാലത്ത് സഹോദരൻ നീ ഷാങ്ഹായിൽ വച്ചു ഒരു ട്രെയിനിംഗ് നടത്തി. ഞാൻ ആ ട്രെയിനിങ്ങിൽ പങ്കെടുത്തു. ചൈനയിൽ അക്കാലത്ത് നല്ല സ്വാധീനശക്തിയുള്ള ചില പ്രസംഗകർ ഉണ്ടായിരുന്നു. അവർക്ക് എല്ലായ്പ്പോഴും ഏറ്റവും അധികം അനുയായികൾ ഉണ്ടായിരുന്നു; അവരുടെ പ്രസംഗയോഗത്തിന് വലിയ ജനക്കൂട്ടം സംബന്ധിച്ചിരുന്നു. നേരേമറിച്ച്, വേല, പുറമേയുള്ള പ്രവർത്തനത്തിലുള്ള അദ്ധ്വാനത്തിന്റെ കാര്യമല്ല, ആന്തരികജീവന്റെ കവിഞ്ഞൊഴുക്കാണ് എന്ന് സഹോദരൻ നീ ഞങ്ങളോട് പറയുമായിരുന്നു. കർത്താവിന് ആവശ്യമായിരിക്കുന്ന വേല ആന്തരികജീവന്റെ കവിഞ്ഞൊഴുക്കാണ്. 1940-ലെ സഹോദരൻ നീയുടെ ട്രെയിനിംഗിൽ എൺപതിലധികംപേർ ഇല്ലായിരുന്നു. എന്നാൽ ആ കുറച്ചുപേരിൽ സഹോദരൻ നീ തൃപ്തനായിരുന്നു. അദ്ദേഹം സമ്മേളനം നടത്തിയപ്പോഴെല്ലാം ഏറിയാൽ 350-ൽ അധികം ആളുകൾ ഉണ്ടായിരുന്നില്ല. വേല എന്നത് ആന്തരികജീവന്റെ കവിഞ്ഞൊഴുക്കാണെന്നും, പുറമേയുള്ള പ്രവർത്തനത്തിലുള്ള അദ്ധ്വാനമല്ലെന്നും, അദ്ദേഹം എപ്പോഴും ഊന്നിപ്പറഞ്ഞിരുന്നു. ഇന്ന് സഹോദരൻ നീയുടെ ശുശ്രൂഷയുടെ ഫലം നാം കാണുന്നു: ലോകത്തുടനീളം കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഉളവായിരിക്കുന്ന അനേകം സഭകൾ.

മറ്റുള്ളവരുടെ പുറമേയുള്ള പ്രവർത്തനങ്ങളുടെ താല്ക്കാലിക വിജയം നിമിത്തം വിഷമിക്കരുത്. കർത്താവിന് കുറച്ചു സമയം ലഭിക്കട്ടെ; അവൻ ജീവനിലുള്ള തന്റെ മാർഗ്ഗം തെളിയിക്കും. സഹോദരൻ നീ മരിച്ചുപോയെങ്കിലും, അവന്റെ ശുശ്രൂഷ ഇപ്പോഴും പ്രബലമാണ്; അവന്റെ വേല തുടർന്നുകൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള വേല, പ്രവർത്തനത്തിന്റെയല്ല, ജീവന്റെ കാര്യമാണ്. സഭയെ ഉളവാക്കുവാനും വർദ്ധിപ്പിക്കുവാനും ഉള്ള ജീവന്റെ വേല ഇതാണ്.

കൃത്രിമപ്പൂക്കളുടെ നിർമ്മാണം നമുക്ക് ഉദാഹരണമായെടുക്കാം. കൃത്രിമപ്പൂക്കൾ നിർമ്മിക്കുന്നതിന് നിങ്ങൾ ആളുകളെ നിയോഗിക്കുകയാണെങ്കിൽ, ചുരുങ്ങിയ സമയത്തിനുള്ളിൽ വളരെയധികം നിർമ്മിക്കുവാൻ കഴിയും. എന്നാൽ, നിങ്ങൾ പൂക്കൾ വളർത്തിയെടുക്കണമെങ്കിൽ അതിന് ഏറെ സമയമെടുക്കും. നിങ്ങൾ ആദ്യം വിത്ത് വിതയ്ക്കണം. വിത്ത് വളർന്ന് വർദ്ധിക്കും. പിന്നെ ധാരാളം വിത്ത് നിലത്തേക്ക് വീഴുകയും വളരുകയും വീണ്ടും വീണ്ടും വർദ്ധിക്കുകയും ചെയ്യും. ഇത്തരത്തിലുള്ള വർദ്ധനവ് ദീർഘകാലം നിലനിൽക്കും. ഏതുതരത്തിലുള്ള വർദ്ധനവ് നിങ്ങൾ പ്രതീക്ഷിക്കുന്നു-പുറമെയുള്ള അദ്ധ്വാനത്താൽ ഉൽപ്പാദിപ്പിക്കുന്ന കൃത്രിമപ്പൂക്കളോ, ജീവനാൽ ഉളവാകുന്ന യഥാർത്ഥ പൂക്കളോ?

### *1. അനേക മണികളെ ഉളവാക്കുവാൻ-എല്ലാ മനുഷ്യരെയും ആകർഷിക്കുവാൻ*

ഒരു ഗോതമ്പുമണി നിലത്തുവീണ് അതിന്റെ ജീവമൂലകം പുറത്തുവരുകയും വളരെ ഫലം കായിക്കുവാൻ, അതായത് അനേക മണികളെ ഉളവാക്കുവാൻ, നിലത്തുനിന്ന് വളരുകയും ചെയ്യുന്നതു പോലെതന്നെ, കർത്താവായ യേശു, പുനരുത്ഥാനത്തിൽ അനേക വിശ്വാസികളെ ഉളവാക്കുവാൻ തന്റെ മനുഷ്യത്വത്തിന്റെ പുറന്തോടിനുള്ളിൽനിന്നും തന്റെ ദിവ്യമൂലകം, തന്റെ ദിവ്യജീവൻ, പുറത്തുവരുവാൻ നിലത്തുവീണ് മരിച്ചു(1 പത്രൊ.1:3). ഹൃദ്യമായ വരവേല്പ് സ്വീകരിക്കുന്നതിനു പകരം, സഭയ്ക്കുവേണ്ടി അനേക മണികളെ ഉളവാക്കുവാൻ കഴിയുമാറ് ഗോതമ്പുമണിയായി നിലത്തുവീണ് മരിക്കുവാൻ കർത്താവ് താല്പര്യപ്പെട്ടു. നിലത്തുവീണ ഗോതമ്പുമണിയായി പുനരുത്ഥാനത്തിൽ തന്റെ നിത്യജീവൻ“അനേകമണികളി”ലേക്ക് പകരുവാൻ മരണത്തിലൂടെ കർത്താവ് തന്റെ ദേഹിജീവനെ നഷ്ടപ്പെടുത്തി.

ഒരുവശത്ത്, കർത്താവിന്റെ മരണം 24-ാം വാക്യത്തിൽ വെളിപ്പെട്ടിരിക്കുന്നതുപോലെ നിലത്തേക്കുള്ള വീഴ്ചയായിരുന്നു; മറ്റൊരു വശത്ത്, അത് മരത്തിന്മേൽ ഉയർത്തപ്പെടുകയായിരുന്നു(വാ.32; 1 പത്രൊ.2:24). ഏക ഗോതമ്പുമണിയായി “നിലത്തു വീഴുന്നത്” അനേക മണികളെ ഉളവാക്കുവാനായിരുന്നു; മനുഷ്യപുത്രനായി മരത്തിന്മേൽ “ഉയർത്തപ്പെട്ടത്,” അവനിലേക്ക് എല്ലാ മനുഷ്യരെയും ആകർഷിക്കുവാനായിരുന്നു. അവൻ മരത്തിന്മേൽ ഉയർത്തപ്പെട്ടതിനാൽ ആകർഷിക്കപ്പെട്ട“എല്ലാ മനുഷ്യരും”ആണ്, താൻ നിലത്തു വീണതിനാൽ, ഉളവാക്കപ്പെട്ട അനേക മണികൾ.

യോഹന്നാൻ പന്ത്രണ്ടാം അദ്ധ്യായത്തിൽ കർത്താവിന്റെ മരണം (1:29 സൂചിപ്പിക്കുന്നതുപോലെ) വീണ്ടെടുപ്പിൻ മരണമായല്ല, ഉളവാക്കുന്ന, ഉത്പാദിപ്പിക്കുന്ന മരണമായാണ് വെളിപ്പെടുത്തിയിരിക്കുന്നത്. ഈ അദ്ധ്യായം അനുസരിച്ച്, മൂന്ന് ഉദ്ദേശ്യം നിറവേറ്റുവാൻ തന്റെ മരണത്തിലൂടെ കർത്താവ് തന്റെ ജഡാവതാരം എന്ന പുറന്തോട് പൊട്ടിച്ചു: അനേക മണികൾ ഉളവാക്കുക, എല്ലാ മനുഷ്യരെയും തന്നിലേക്ക് ആകർഷിക്കുക(വാ.24,32), ദിവ്യമൂലകം, നിത്യജീവൻ പുറത്തു കൊണ്ടുവരുക(വാ.23,28), ലോകത്തെ ന്യായം വിധിക്കുകയും അതിന്റെ ഭരണാധികാരിയെ തള്ളിക്കളയുകയും ചെയ്യുക(വാ.31) എന്നിവ.

### *2. ദിവ്യജീവനെ, ദിവ്യമൂലകത്തെ വിടുവിക്കുവാൻ-മഹത്വപ്പെടുവാനും പിതാവിനെ മഹത്വപ്പെടുത്തുവാനും*

കർത്താവ് മഹത്വപ്പെട്ടതും പിതാവായ ദൈവത്തെ മഹത്വപ്പെടുത്തിയതും തന്റെ മരണത്തിലൂടെ ആയിരുന്നു. “മനുഷ്യപുത്രൻ തേജ

സ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു"എന്ന് 23-ാം വാക്യത്തിൽ കർത്താവ് പറയുകയും,"പിതാവേ, നിന്റെ നാമത്തെ മഹത്വപ്പെടുത്തണമേ"എന്ന് 28-ാം വാക്യത്തിൽ അവൻ പ്രാർത്ഥിക്കുകയും ചെയ്തു. കർത്താവ് എങ്ങനെ തേജസ്കരിക്കപ്പെട്ടു? അവൻ തേജസ്കരിക്കപ്പെട്ടത് മരണപുനരുത്ഥാനങ്ങളിലൂടെ ആയിരുന്നു, കാരണം മരണപുനരുത്ഥാനങ്ങളിലൂടെ അവന്റെ ദിവ്യമൂലകം വിടുവിക്കപ്പെടുകയും വെളിപ്പെടുകയും ചെയ്തു. എങ്ങനെയായിരുന്നു പിതാവായ ദൈവം മഹത്വപ്പെട്ടത്? അത് പുത്രന്റെ മഹത്വപ്പെടലിനാലായിരുന്നു. പുത്രന്റെ ദിവ്യമൂലകം അവന്റെ മരണപുനരുത്ഥാനങ്ങളിലൂടെ വിടുവിക്കപ്പെടുകയും വെളിപ്പെടുകയും ചെയ്തപ്പോൾ, പിതാവിന്റെ ദിവ്യജീവൻ വിടുവിക്കപ്പെടുകയും വെളിപ്പെടുകയും ചെയ്തു. അങ്ങനെ, മരണപുനരുത്ഥാനങ്ങളിലൂടെ പുത്രന്റെ മഹത്വപ്പെടലിൽ പിതാവ് മഹത്വപ്പെട്ടു. കർത്താവിന്റെ മരണപുനരുത്ഥാനങ്ങൾ പിതാവായ ദൈവത്തെ മഹത്വപ്പെടുത്തി, കാരണം അവന്റെ മരണപുനരുത്ഥാനങ്ങൾ അവന്റെ ഉള്ളിൽനിന്ന് ദൈവത്തിന്റെ ദിവ്യമൂലകത്തെ വിടുവിച്ചു. ഒരു ഗോതമ്പുമണിയുടെ ജീവമൂലകം അതിന്റെ പുറന്തോടിനുള്ളിൽ പരിമിതപ്പെട്ടിരിക്കുന്നതുപോലെതന്നെ, ദൈവത്തിന്റെ ദിവ്യമൂലകം അവന്റെ ജഡത്തിൽ പരിമിതപ്പെട്ടിരുന്നു. ഒരു മണിയുടെ ജീവമൂലകം എങ്ങനെയാണ് മഹത്വപ്പെടുന്നത്? അതിന്റെ ഉള്ളിലെ ജീവമൂലകം വെളിപ്പെടുവാനും മഹത്വപ്പെടുവാനും ആ മണി മരിക്കണം. ദൈവത്തിന്റെ ദിവ്യമൂലകത്തെ സംബന്ധിച്ചും അങ്ങനെ തന്നെയാണ്.

പിതാവിന്റെ നാമം മഹത്വപ്പെടുത്തുക എന്നാൽ പിതാവിന്റെ ദിവ്യമൂലകം വെളിപ്പെടുവാൻ ഇടയാക്കുക എന്നാണ്. നിത്യജീവനായ പിതാവിന്റെ ദിവ്യമൂലകം ജഡാവതാരം ചെയ്ത പുത്രനിൽ ഉണ്ടായിരുന്നു. ഒരു ഗോതമ്പുമണിയുടെ ജീവമൂലകം അതിന്റെ പുറന്തോട് ഉടയുന്നതിനാൽ വിടുവിക്കപ്പെടുകയും അതിന്റെ പുഷ്പിക്കലിനാൽ വെളിപ്പെടുകയും ചെയ്യുന്നതുപോലെ, പിതാവിന്റെ ദിവ്യമൂലകം, നിത്യജീവൻ, പുനരുത്ഥാനത്തിൽ വിടുവിക്കപ്പെടുകയും വെളിപ്പെടുകയും ചെയ്യേണ്ടതിന് പുത്രന്റെ ജഡാവതാരത്തിന്റെ പുറന്തോട്, അതായത്, അവന്റെ ജഡം, മരണത്തിലൂടെ ഉടയണമായിരുന്നു. ഇതായിരുന്നു പുത്രന്റെ മഹത്വപ്പെടലിലുള്ള പിതാവായ ദൈവത്തിന്റെ മഹത്വപ്പെടൽ.

നമുക്കൊരു പൂവിന്റെ വിത്തുണ്ടെന്ന് കരുതുക. ആ വിത്തിന്റെ ജീവനിൽ വളരെ മനോഹാരിതയുണ്ടെങ്കിലും, എങ്ങനെയാണ് ആ ഭംഗി വെളിപ്പെടുക? ആ വിത്ത് ചാകണം. വിത്ത് ഭൂമിയിൽ വീണ്, ചാകുകയും വളരുകയും ചെയ്താൽ, അതിന്റെ ഉള്ളിലെ മുഴുവൻ ഭംഗിയും വെളിപ്പെടും. അതാണ് മഹത്വം, വിത്തിനുള്ളിലെ മഹത്വീകരിക്കപ്പെട്ട ജീവൻ. അതുപോലെ, ഒരു കാലത്ത് ദൈവം കർത്താ

വിന്റെ ജഡത്തിനുള്ളിൽ പരിമിതപ്പെട്ടിരുന്നു. കർത്താവിന്റെ ഉള്ളിലെ ദൈവം പുനരുത്ഥാനത്തിൽ പുറത്തുവരുകയും വെളിപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്യേണ്ടതിന് അവന് മരിക്കണമായിരുന്നു.

മഹത്വപ്പെട്ടു എന്നാൽ കേവലം വെളിപ്പെട്ടു എന്നാണ്. പലപ്പോഴും ഒരു വിളക്കിലെ വൈദ്യുതി ഞാൻ ഉദാഹരണമായി ഉപയോഗിച്ചിട്ടുണ്ട്. എപ്പോഴാണ് വിളക്കിൽ വൈദ്യുതി മഹത്വപ്പെടുന്നത്? വൈദ്യുതി വെളിപ്പെടുമ്പോൾ, അത് മഹത്വപ്പെടുന്നു. വെളിപ്പെട്ട വൈദ്യുതിയാണ് മഹത്വപ്പെട്ട വൈദ്യുതി. അതുപോലെ, യേശുവിന്റെ ജഡത്തിൽ പരിമിതപ്പെട്ടിരുന്ന ദൈവം അവൻ പുനരുത്ഥാനം ചെയ്തപ്പോൾ വെളിപ്പെട്ടു. അതുകൊണ്ട്, യേശുവിന്റെ ഉള്ളിൽനിന്ന് ദൈവം വെളിപ്പെട്ടപ്പോൾ, ദൈവം മഹത്വപ്പെട്ടു.

### *3. ലോകത്തെ ന്യായം വിധിക്കുവാനും അതിന്റെ ഭരണാധികാരിയായ സാത്താനെ പുറംതള്ളുവാനും*

“ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ ഭരണാധിപനെ പുറത്തു തള്ളിക്കളയും”എന്ന് 31-ാം വാക്യത്തിൽ കർത്താവ് പ്രഖ്യാപിച്ചു. ക്രൂശിന്മേലുള്ള തന്റെ മരണത്താൽ കർത്താവ് ലോകത്തെ ന്യായം വിധിക്കുകയും അതിന്റെ ഭരണാധിപനായ സാത്താനെ പുറത്താക്കുകയും ചെയ്തു. സാത്താൻ ചിട്ടപ്പെടുത്തിയ ഒരു ദുഷ്ടവ്യവസ്ഥിതിയാണ് ലോകം. ഭൂമിയിലുള്ള കാര്യങ്ങളെല്ലാം പ്രത്യേകിച്ച് മാനവജാതിയുമായി ബന്ധപ്പെട്ടവയും വായുവിലുള്ള കാര്യങ്ങളും ജനത്തെ വ്യാപൃതരാക്കുവാനും അവരെ ദൈവോദ്ദേശ്യത്തിൽനിന്ന് പിന്തിരിപ്പിക്കുവാനും അവരെ ദൈവത്തെ ആസ്വദിക്കുന്നതിൽനിന്നും വ്യതിചലിപ്പിക്കുവാനും അവന്റെ അന്ധകാരത്തിന്റെ രാജ്യത്തിലേക്ക് സാത്താൻ വിന്യസിച്ചിരിക്കുന്നു. ഈ ദുഷ്ടവ്യവസ്ഥയെ, അന്ധകാരത്തിന്റെ രാജ്യത്തെ, അതിന്റെ ഭരണാധികാരിയായ സാത്താനെ, കർത്താവിന്റെ ജഡത്തിലുള്ള ക്രൂശുമരണത്താൽ പുറന്തള്ളിയപ്പോൾ, ന്യായം വിധിച്ചു. ക്രൂശിന്മേൽ മനുഷ്യപുത്രനെന്ന നിലയിൽ(വാ.23)സർപ്പത്തിന്റെ രൂപത്തിൽ, അതായത്, “പാപജഡത്തിന്റെ സാദൃശ്യത്തിൽ”(റോമ.8:3) കർത്താവ് ഉയർത്തപ്പെട്ടു(3:14). ഈ ലോകത്തിന്റെ ഭരണാധികാരിയായ സാത്താൻ “പഴയ സർപ്പം”എന്ന നിലയിൽ(വെളി.12:9;20:2) അവനെത്തന്നെ മനുഷ്യന്റെ ജഡത്തിലേക്ക് കുത്തിവച്ചിരിക്കുന്നു.“പാപജഡത്തിന്റെ സാദൃശ്യത്തിൽ”ക്രൂശിന്മേലുള്ള തന്റെ മരണത്തിലൂടെ കർത്താവ് മനുഷ്യന്റെ ജഡത്തിലുള്ള സാത്താനെ നശിപ്പിച്ചു(എബ്രാ.2:14). ഇപ്രകാരം സാത്താനെ ന്യായംവിധിച്ചതിനാൽ(16:11) കർത്താവ് സാത്താനോട് പറ്റിയിരിക്കുന്ന ലോകത്തെയും ന്യായംവിധിച്ചു. അതുകൊണ്ട്, കർത്താവിന്റെ ഉയർത്തപ്പെടൽ, ലോകത്തെ ന്യായംവിധിക്കുവാനും അതിന്റെ ഭരണാധികാരിയായ സാത്താനെ പുറന്തള്ളുവാനും ഇടയാക്കി. കർത്താവായ യേശു മനുഷ്യപുത്രൻ എന്ന നിലയിൽ, ഒരു

സർപ്പത്തിന്റെ രൂപത്തിൽ ഉയർത്തപ്പെട്ടപ്പോൾ, അവൻ നമ്മുടെ പാപങ്ങളെ നീക്കുകയും നമ്മുടെ സർപ്പപ്രകൃതിയോട് ഇടപെടുകയും മാത്രമല്ല, സാത്താനെയും അവനോട് പറ്റിയിരിക്കുന്ന സാത്താന്യ ലോകവ്യവസ്ഥയെയും നശിപ്പിക്കുകയും ചെയ്തു. ഇപ്പോൾ, അവന്റെ മരണത്താൽ നാം വീണ്ടെടുക്കപ്പെടുകയും വിടുവിക്കപ്പെടുകയും ചെയ്തിരിക്കുന്നു; നമുക്ക് ദിവ്യജീവൻ ഉണ്ട്; നാം ലോകത്തെ ജയിക്കുന്നു.

യോഹന്നാന്റെ സുവിശേഷം ചിത്രങ്ങളുടെ അല്ലെങ്കിൽ അടയാളങ്ങളുടെ ഒരു പുസ്തകമാണ്. ജീവൻ എന്ന നിലയിൽ കർത്താവുമായി ബന്ധപ്പെട്ട അനേക കാര്യങ്ങൾ അത് കാണിക്കുന്നു. ഈ സുവിശേഷം നാം അറിയുന്നില്ലെങ്കിൽ, ജീവനായി കർത്താവിനെ അറിയുവാൻ ഇടയുണ്ടെങ്കിലും, അതിന്റെ വിശദമായ എല്ലാ വശങ്ങളിലും കർത്താവിനെ ജീവനായി നാം അറിയുകയില്ല. കർത്താവിനെ ജീവൻ എന്ന നിലയിൽ വിശദമായി അറിയുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, ജീവനെ ഒന്നിനുപുറകെ ഒന്നായി ചിത്രങ്ങളിലൂടെ അനാവരണം ചെയ്യുന്ന യോഹന്നാന്റെ സുവിശേഷം നാം മനസ്സിലാക്കണം. ഉദാഹരണത്തിന്, മരണത്തിന്മേൽ ജയമുള്ള ഒരു ജീവനെ ചിത്രീകരിച്ചുകൊണ്ട് ഈ അദ്ധ്യായത്തിലെ പനയോലകൾപോലും ജീവൻ മരണത്തെ അതിജീവിക്കുന്നതിനെ ദൃഷ്ടാന്തീകരിക്കുന്നു. മിക്ക പനമരങ്ങളും മരണത്തെ സൂചിപ്പിക്കുന്ന മരുഭൂമിയിലാണ് വളരുന്നത്. അതുകൊണ്ട് ജീവൻ(പനമരങ്ങൾ) മരണ(മരുഭൂമി)ത്തിൽനിന്ന് വളരുന്നു. ഇത് മരണത്തിന്മേലുള്ള ജീവന്റെ വിജയം ചിത്രീകരിക്കുന്നു. അതാണ് പനമരത്തിന്റെ ആത്മീയമായ അർത്ഥം. അതുകൊണ്ട്, ജീവൻ വിശദമായി മനസ്സിലാക്കുവാൻ നാം ഇഷ്ടപ്പെടുന്നുവെങ്കിൽ, യോഹന്നാന്റെ സുവിശേഷം പ്രതിരൂപങ്ങളുടെ ഒരു പുസ്തകമായി നാം മനസ്സിലാക്കണം.

കർത്താവിന്റെ മരണത്തിന്റെ വിവിധ വശങ്ങൾ ചിത്രീകരിക്കുവാൻ വ്യത്യസ്ത പ്രതിരൂപങ്ങൾ യോഹന്നാൻ തന്റെ സുവിശേഷത്തിൽ ഉപയോഗിക്കുന്നു. "ഇതാ, ലോകത്തിന്റെ പാപം ചുമന്നുനീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്!" എന്ന് 1:29 പറയുന്നു. 3:14-ൽ മോശ ഒരു കൊടിമരത്തിന്മേൽ താമ്രസർപ്പത്തെ ഉയർത്തിയതുപോലെ, ക്രൂശിന്മേൽ താനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു എന്ന് കർത്താവായ യേശു പറഞ്ഞു. ഇപ്പോൾ പന്ത്രണ്ടാം അദ്ധ്യായത്തിൽ, താൻ ഒരു ഗോതമ്പുമണിയാണെന്ന് കർത്താവ് പറയുന്നു. ഇവിടെ മൂന്നു പ്രതിരൂപങ്ങൾ നാം കാണുന്നു: ദൈവത്തിന്റെ കുഞ്ഞാട്, സർപ്പം, ഗോതമ്പുമണി എന്നിവ. കർത്താവിന്റെ മരണത്തിനു മൂന്നു വശങ്ങളുണ്ട്. ഒന്നാമത്തെ വശത്ത്, അവൻ തന്റെ രക്തം ചൊരിഞ്ഞ് നമ്മുടെ പാപങ്ങളെ ചുമന്നുനീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായിരുന്നു. രണ്ടാമത്തെ വശത്ത്, പഴയ സർപ്പത്തെയും അതുപോലെ നമ്മുടെ ഉള്ളിലെ

സർപ്പപ്രകൃതിയെയും നശിപ്പിച്ച താമ്രസർപ്പമായിരുന്നു അവൻ. മൂന്നാമത്തെ വശത്ത്, അനേക മണികളെ ഉളവാക്കുവാൻ നിലത്തുവീണ് മരിച്ച ഏക ഗോതമ്പുമണിയായിരുന്നു അവൻ. കർത്താവായ യേശുവിന്റെ ഏക മരണത്തിന് ഈ മൂന്നുവശങ്ങൾ ഉണ്ടായിരുന്നു: വീണ്ടെടുക്കുന്ന വശം, സാത്താനെ നശിപ്പിക്കുന്ന വശം, ജീവൻ വിടുവിക്കുന്ന വശം എന്നിവ. ക്രൂശിന്മേൽ തറയ്ക്കപ്പെട്ടപ്പോൾ, അവൻ നമ്മുടെ പാപങ്ങൾ വഹിക്കുകയും നമ്മുടെ വീണ്ടെടുപ്പിനുവേണ്ടി തന്റെ രക്തം ചൊരിയുകയും ചെയ്യുന്ന ദൈവത്തിന്റെ കുഞ്ഞാടായിരുന്നു. ഇതാണ് ഒന്നാമത്തെ വശം. ഓരോ യഥാർത്ഥ ക്രിസ്ത്യാനിക്കും ഇത് സുപരിചിതമാണ്. എങ്കിലും, പഴയ സർപ്പത്തെയും നമ്മുടെ ആളത്തത്തിലുള്ള സർപ്പപ്രകൃതിയെയും നശിപ്പിക്കുന്നതിനുവേണ്ടി ക്രൂശിന്മേൽ കർത്താവായ യേശു തറയ്ക്കപ്പെട്ടു എന്ന കർത്താവിന്റെ മരണത്തിന്റെ രണ്ടാമത്തെ വശം പല ക്രിസ്ത്യാനികൾക്കും പരിചയമില്ല. ഇതാണ് സാത്താനെ നശിപ്പിക്കുന്ന വശം. കർത്താവിന്റെ മരണത്തിന്റെ മൂന്നാമത്തെ വശം ജീവൻ വിടുവിക്കുന്ന വശമാണ്. ഒരു ഗോതമ്പുമണിയിൽ ജീവൻ പരിമിതപ്പെട്ടിരുന്നതുപോലെതന്നെ ആയിരുന്നു ആ ചെറിയ മനുഷ്യനായ യേശുവിൽ ദിവ്യജീവൻ. ജീവൻ മണിയിൽ മറയ്ക്കപ്പെട്ടിരുന്നതുകൊണ്ട്, ആന്തരികജീവൻ വിടുവിക്കപ്പെടുന്നതിന് പുറന്തോട് പൊട്ടണമായിരുന്നു. ഇങ്ങനെ, ക്രിസ്തു ക്രൂശിന്മേൽ ആയിരുന്നപ്പോൾ, അവൻ കുഞ്ഞാടായിരുന്നു, അവൻ സർപ്പത്തിന്റെ രൂപത്തിലായിരുന്നു. അവൻ ഏക ഗോതമ്പുമണിയും ആയിരുന്നു. ഒരു മരണത്താൽ, നമ്മുടെ പാപങ്ങൾ ചുമന്നുനീക്കുന്നതും സാത്താനെ നശിപ്പിക്കുന്നതും അനേകമണികളെ ഉളവാക്കുവാൻ അവന്റെയുള്ളിൽനിന്നും ദിവ്യജീവൻ വിടുവിക്കുന്നതുമായ മൂന്നുവിധ ഉദ്ദേശ്യം അവൻ സാധിച്ചു. ഹാലേലൂയ്യാ! അവന്റെ മരണത്താൽ നമ്മുടെ പാപങ്ങൾ നീക്കപ്പെട്ടു. അവന്റെ മരണത്താൽ നമ്മുടെ സർപ്പപ്രകൃതം കൈകാര്യം ചെയ്യപ്പെട്ടു. അവന്റെ മരണത്താൽ ദിവ്യജീവൻ നമുക്കായി വിടുവിക്കപ്പെട്ടു. നാം ഇനിമേൽ പാപം ചെയ്യുന്നില്ല. നാം ഇനിമേൽ സർപ്പപ്രകൃതം ഉള്ളവരുമല്ല. ദിവ്യജീവൻ നമ്മിലേക്ക് പകരപ്പെട്ടിരിക്കുന്നു; നാമിപ്പോൾ ആ ഏകമണിയിൽനിന്ന് ഉല്പാദിതമായ അനേകമണികളാണ്. ഈ അനേകമണികൾ ക്രിസ്തുവിന്റെ ശരീരമായ ഏക അപ്പം, സഭ ഉണ്ടാകുവാൻ കൊള്ളാവുന്നവയാണ് (1 കൊരി.10:17). മുമ്പ്, നാം ദിവ്യജീവനുമായി യാതൊരു ബന്ധവുമില്ലാത്ത, സർപ്പപ്രകൃതമുള്ള പാപികളായിരുന്നു. എന്നാൽ കർത്താവിന്റെ സർവ്വവും ഉൾക്കൊള്ളുന്ന മരണത്താൽ, നമ്മുടെ പാപങ്ങൾ നീക്കപ്പെടുകയും നമ്മുടെ സർപ്പപ്രകൃതം കൈകാര്യം ചെയ്യപ്പെടുകയും ദിവ്യജീവൻ നമ്മുടെ ആളത്തത്തിലേക്ക് പകരപ്പെടുകയും ചെയ്തിരിക്കുന്നു. ഇപ്പോൾ നാം ജീവിക്കുന്ന മണികളായിത്തീർന്നിരിക്കുന്നു. അവ ഒരുമിച്ച് ചേരുമ്പോൾ ഒരു അപ്പമായ, സഭ ആയിത്തീരുന്നു. അവനെ സ്തുതിക്കുക!

ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ, സഭയെ നിലവിൽ കൊണ്ടു വരുവാൻ നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ, നാം മരിക്കണം. ദൈവത്തെ മഹത്വപ്പെടുത്തുവാനും ദൈവം നമ്മിലൂടെ വെളിപ്പെടുവാനും നമ്മുടെ ഇടയിൽ മഹത്വപ്പെടുവാനും നാം ആഗ്രഹിക്കുന്നുവെങ്കിൽ, നാം മരിക്കണം. സാത്താനെയും അവന്റെ ലോകത്തെയും കൈകാര്യം ചെയ്യുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, നാം മരിക്കണം. ക്രൂശിലൂടെയാണ് സഭ നിലവിൽ വരുന്നത്, ക്രൂശിലൂടെയാണ് ദൈവം മഹത്വപ്പെടുന്നത്, ക്രൂശിലൂടെയാണ് സാത്താനും അവന്റെ ലോകവും കൈകാര്യം ചെയ്യപ്പെടുന്നതും. അവൻ മരിക്കുമ്പോൾ, താൻ വളരെ ഫലം ഉളവാക്കുമെന്നും, അവൻ മരിക്കുമ്പോൾ പിതാവ് മഹത്വപ്പെടുമെന്നും, അവൻ ഉയർത്തപ്പെടുമ്പോൾ താൻ ലോകത്തെ ന്യായം വിധിക്കുമെന്നും, ഈ ലോകത്തിന്റെ ഭരണാധികാരിയായ സാത്താനെ പുറത്താക്കുമെന്നും, കർത്താവ് വ്യക്തമായി പറഞ്ഞു. ഇത് വളരെ സംക്ഷിപ്തവും ലളിതവുമാണ്, എന്നാലും ഇത് വളരെ അഗാധവും അർത്ഥപൂർണ്ണവുമാണ്. ഈ മൂന്നു കാര്യങ്ങൾ സകലവും ഉൾക്കൊള്ളുന്നു-സഭ ഉളവാക്കപ്പെടുന്നു, പിതാവ് മഹത്വപ്പെടുന്നു, സാത്താൻ പുറത്താക്കപ്പെടുന്നു. യാതൊന്നും ശേഷിക്കുന്നില്ല. സഭ നിലവിൽ കൊണ്ടുവരുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും സാത്താനോട് ഇടപെടുവാനും ക്രൂശുമരണമല്ലാതെ വേറൊരു വഴിയില്ല. നാം എപ്പോഴും സഭയുടെ മാർഗ്ഗത്തെക്കുറിച്ച് സംസാരിക്കുന്നു. സഭയുടെ മാർഗ്ഗം ക്രൂശിന്റെ മാർഗ്ഗമാണ്. നാം എപ്പോഴും ദൈവത്തെ മഹത്വപ്പെടുത്തുന്നത് എങ്ങനെയാണ് എന്നതിനെക്കുറിച്ച് സംസാരിക്കുന്നു: ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള മാർഗ്ഗം ക്രൂശിന്റെ മാർഗ്ഗമാണ്. ദൈവത്തിന്റെ ശത്രുവായ സാത്താനോട് ഇടപെടുവാനുള്ള മാർഗ്ഗവും ക്രൂശിന്റെ മാർഗ്ഗമാണ്. ഒരു മാർഗ്ഗമേയുള്ളൂ-ക്രൂശ്. നാം ക്രൂശിനെ അനുഭവമാക്കണം. ആളുകൾ നമ്മെ എത്രമാത്രം സ്വീകരിച്ചാലും, അവർ എങ്ങനെ നമ്മെ സ്വീകരിച്ചാലും, അവർ നമ്മെ സ്വീകരിക്കുന്തോറും നാം മരിക്കണം എന്ന് നാം മനസ്സിലാക്കണം.

എങ്ങനെ നാം മരിക്കുന്നു? 25-ാം വാക്യത്തിൽ നമ്മുടെ ദേഹിയെ നഷ്ടപ്പെടുത്തുവാൻ കർത്താവ് നമ്മോട് പറയുന്നു."തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ നഷ്ടപ്പെടുത്തും; ഇഹലോകത്തിൽ തന്റെ ജീവനെ വെറുക്കുന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും."ഈ വാക്യത്തിൽ ആദ്യ രണ്ടു തവണ വന്നിട്ടുള്ള ജീവൻ എന്ന വാക്കിന് ഗ്രീക്ക് ഭാഷയിൽ"ദേഹി"അഥവാ"ദേഹിജീവൻ"എന്നാണർത്ഥം. ഇതേ വാക്ക് 1:11-ലും 15-ലും 17-ലും കാണാം. മത്തായിയുടെയും മർക്കൊസിന്റെയും സുവിശേഷങ്ങളും ഇത് തെളിയിച്ചിട്ടുണ്ട് (മത്താ.16:24-26; മർക്കൊ.8:34-37). മരിക്കുകയും ക്രൂശ് അനുഭവമാക്കുകയും ചെയ്യുന്നതിന്റെ അർത്ഥം എന്താണ്? അത് കേവലം നിങ്ങളുടെ ദേഹിയെ, നിങ്ങളുടെ സ്വാഭാവിക ജീവനെ നിരാകരിക്കുകയും തള്ളിക്കളയുകയും ചെയ്യുക എന്നാണ്. നിങ്ങൾ നിങ്ങളുടെ ദേഹിയെ, നിങ്ങളുടെ സ്വാഭാവിക

ജീവനെ, നിങ്ങളുടെ സ്വയത്തെ, നഷ്ടപ്പെടുത്തണം. അപ്പോൾ സഭ നിലവിൽ വരും. പിന്നെ ദൈവം മഹത്വപ്പെടുകയും പിന്നെ സാത്താൻ കൈകാര്യം ചെയ്യപ്പെടുകയും പുറത്താക്കപ്പെടുകയും ചെയ്യും, കാരണം, അവനെ സഭ പുറന്തള്ളും.

പുനരുത്ഥാനത്തിൽ "അനേകമണികൾ"ക്ക് നിത്യജീവൻ നൽകുവാൻ കഴിയത്തക്കവണ്ണം മരണത്തിലൂടെ കർത്താവ് ഏക ഗോതമ്പുമണിയായി നിലത്തുവീണ് അവന്റെ ദേഹിജീവനെ നഷ്ടപ്പെടുത്തി. നാം അനേക മണികളായി പുനരുത്ഥാനത്തിൽ നിത്യജീവൻ ആസ്വദിക്കത്തക്കവണ്ണം മരണത്തിലൂടെ നമ്മുടെ ദേഹിജീവൻ നഷ്ടപ്പെടുത്തണം. ഇത്, 26-ാം വാക്യത്തിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ നാം അവനെ ശുശ്രൂഷിക്കേണ്ടതിന് അവനെ അനുഗമിക്കുന്നതാണ്. മാത്രമല്ല, അനേക മണികൾ മാവായി, പൊടിയായി തകർക്കപ്പെടുകയും അരയ്ക്കപ്പെടുകയും തമ്മിൽ സമന്വയിച്ച് അപ്പമായിത്തീരുകയും ചെയ്യണം.

## III. മതത്തിന്റെ അവിശ്വാസവും അന്ധതയും

### A. യെശയ്യാവ് പ്രവചിച്ചു

മതത്തിന്റെ അവിശ്വാസത്തെക്കുറിച്ചും ആ അവിശ്വാസത്തിന്റെ മേലുള്ള ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ചും 36 മുതൽ 43 വരെയുള്ള വാക്യങ്ങൾ സംസാരിക്കുന്നു. അതിശയങ്ങളിലും അത്ഭുതങ്ങളിലും അടയാളങ്ങളിലും ജീവനായി കർത്താവ് എത്ര പ്രവർത്തിച്ചിട്ടും, മതാനുസാരികൾ അവനോടൊപ്പം പോകുവാൻ ഇഷ്ടപ്പെട്ടില്ല. കർത്താവ് എത്ര ചെയ്തിട്ടും, മതാനുസാരികൾ പ്രതികരിക്കുവാൻ ഇഷ്ടപ്പെട്ടില്ല. അവർ അവനെ സ്വീകരിച്ചതേയില്ല, എന്നാൽ അതിനു വിരുദ്ധമായി അവർ അവനെ തിരസ്കരിച്ചു. യെശയ്യാവ് ഇത് നേരത്തെ പ്രവചിച്ചിരുന്നു."ഞങ്ങൾ കേൾപ്പിച്ചത് ആര് വിശ്വസിച്ചിരിക്കുന്നു? കർത്താവിന്റെ ഭുജം ആർക്ക് വെളിപ്പെട്ടിരിക്കുന്നു"എന്ന് അവൻ പറഞ്ഞു(യെശ.53:1). കർത്താവിന്റെ ഭുജം കർത്താവായ യേശു തന്നെയാണ്. കാര്യങ്ങൾ ചെയ്യുവാനും വിടുവിക്കുവാനുമുള്ള ദൈവത്തിന്റെ ഭുജം കർത്താവാണ്, എന്നാൽ മതപരമായ ലോകത്തിലെ ആർക്കും ഈ ഭുജം തിരിച്ചറിയുവാൻ കഴിഞ്ഞില്ല. ആരും ഈ ഭുജത്തോട് പ്രതികരിക്കുകയോ, അതിനെ സ്വീകരിക്കുകയോ അംഗീകരിക്കുകയോ ചെയ്തില്ല. അവർ കേവലം അതിനെ തിരസ്കരിച്ചതേയുള്ളു. ഈ ഭുജം രക്ഷയും രക്ഷകനും വിടുവിക്കുന്നവൻതന്നെയും ആയിരുന്നുവെങ്കിലും, മതാനുസാരികൾ അവനെ തിരസ്കരിച്ചു.

### B. ദൈവം ന്യായംവിധിച്ചു

അതിന്റെ ഫലമായി, അന്ധതയും ഹൃദയകാഠിന്യവും അവരുടെ മേൽ വന്നു(വാ.40; യെശ.6:10). ഇത് അവർ കർത്താവിനെ അവിശ്വാ

സത്തിൽ തിരസ്കരിച്ചതുമൂലം പ്രയോഗിക്കപ്പെട്ട ദൈവത്തിന്റെ ന്യായവിധിയാണ്. അന്ധതയും ഹൃദയകാഠിന്യവും അവിശ്വസിക്കുന്നവർക്കുള്ള ശിക്ഷയാണ്. അങ്ങനെ, മതത്തിന് വിശ്വാസമില്ല; അതിന് അന്ധതയേ ഉള്ളു.

### C. കർത്താവിന്റെ തേജസ്സ് കണ്ടു, എന്നാൽ സ്നേഹിച്ചില്ല

യെശയ്യാവ് അവന്റെ തേജസ്സു കാണുകയും അവനെക്കുറിച്ച് സംസാരിക്കുകയും ചെയ്തു എന്ന് 41-ാം വാക്യം പറയുന്നു. "*അവന്റെ തേജസ്സ്*"എന്നീ വാക്കുകൾ കർത്താവായ യേശു, സൈന്യങ്ങളുടെ യഹോവയായ ദൈവം തന്നെയാണെന്ന് സ്ഥിരീകരിക്കുന്നു; അവന്റെ തേജസ്സായിരുന്നു യെശയ്യാവ് കണ്ടത്(യെശ.6:1,3). ഈ തേജസ്സ് യെശയ്യാവ് കാണുകയും അവൻ വിലമതിക്കുകയും ചെയ്തു, എന്നാൽ കർത്താവിന്റെ ബലഹീനരായ വിശ്വാസികൾ അതിനെ സ്നേഹിച്ചില്ല(വാ.42-43). അവർ, അവരുടെ മുമ്പാകെ ഉണ്ടായിരുന്ന തേജസ്സായ ജീവിക്കുന്ന യേശുവാകുന്ന ദൈവത്തിന്റെ മഹത്വത്തെക്കാൾ മനുഷ്യരുടെ മഹത്വത്തെ സ്നേഹിച്ചു. കർത്താവായ യേശുവിനെ ദൈവത്തിന്റെ തേജസ്സായി അവർ വിലമതിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അവർ മനുഷ്യന്റെ മഹത്വം ശ്രദ്ധിക്കുകയോ, പള്ളികളിൽനിന്ന് പുറത്താക്കപ്പെടുന്നത് ഭയപ്പെടുകയോ ചെയ്യുമായിരുന്നില്ല.

## IV. അവിശ്വസിക്കുന്ന മതത്തോടുള്ള ജീവന്റെ പ്രഖ്യാപനം

അവിശ്വസിക്കുന്ന മതത്തോടുള്ള ജീവന്റെ പ്രഖ്യാപനം 44 മുതൽ 50 വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നു. ഇവിടെ മതാനുസാരികളോട് കർത്താവ് ഒരു അവസാന പ്രഖ്യാപനം നടത്തുന്നു. ഈ പ്രഖ്യാപനത്തിനുശേഷം യോഹന്നാന്റെ സുവിശേഷത്തിലെ ശേഷിക്കുന്ന ഭാഗങ്ങളിൽ കർത്താവിന് മതാനുസാരികളുമായി യാതൊരു ബന്ധവുമില്ല.

### A. മനുഷ്യന് വെളിപ്പെട്ട ദൈവം

ഒന്നാമത്, താൻ ജീവനുള്ള ദൈവത്തിന്റെ വെളിപ്പെടലാണെന്ന് അവൻ പ്രഖ്യാപിച്ചു(വാ.44-45). അവൻ ദൈവപുത്രനാണ്, അതിനർത്ഥം അവൻ ദൈവത്തിന്റെ പ്രത്യക്ഷത ആകുന്നു എന്നാണ്. അവനെ കാണുന്നവർ ദൈവത്തെ കാണുന്നു; അവനെ സ്വീകരിക്കുന്നവർ ദൈവത്തെ സ്വീകരിക്കുന്നു; കാരണം അവൻ മനുഷ്യന് ദൈവത്തിന്റെ പ്രത്യക്ഷത ആണ്.

## B. ലോകത്തിലേക്ക് വെളിച്ചമായി വരുന്നു

രണ്ടാമത്, മനുഷ്യൻ ഇരുളിൽ വസിക്കാതിരിക്കത്തക്കവണ്ണം തിളങ്ങുന്ന വെളിച്ചമായി താൻ ഈ ലോകത്തിലേക്ക് വന്നു എന്ന് അവൻ പ്രഖ്യാപിച്ചു(വാ.46,36). ജനം ഈ വെളിച്ചം സ്വീകരിച്ചാൽ അവർക്ക് ദൈവം ഉണ്ടായിരിക്കും. അവൻ വെളിച്ചം എന്ന നിലയിൽ ദൈവത്തിന്റെ പ്രത്യക്ഷത ആണ്. നിങ്ങൾ അവനെ വെളിച്ചമായി സ്വീകരിച്ചാൽ നിങ്ങൾക്ക് ദൈവം ഉണ്ടായിരിക്കും. ഒരു മനുഷ്യൻ അവനിൽ വിശ്വസിച്ചാൽ, അവൻ ഇരുട്ടിൽ വസിക്കുകയില്ല. എന്നാൽ നിങ്ങൾ അവനെ വെളിച്ചമായി സ്വീകരിക്കാൻ വിസമ്മതിച്ചാൽ, നിങ്ങൾ ദൈവത്തെ തിരസ്കരിക്കുന്നു; ഇരുൾ നിങ്ങളെ കീഴടക്കും. അവൻ വെളിച്ചമായി വരുന്നു. നിങ്ങൾ അവനെ സ്വീകരിക്കുന്നുവെങ്കിൽ നിങ്ങൾക്ക് ദൈവത്തെ ലഭിക്കുകയും നിങ്ങൾ വെളിച്ചത്തിന്റെ പുത്രന്മാരിൽ ഒരുവനായിത്തീരുകയും ചെയ്യും.

## C. ജീവനുള്ള വചനങ്ങളുമായി മനുഷ്യന്റെ അടുക്കൽ വരുന്നു

മൂന്നാമത്, താൻ മനുഷ്യന്റെ അടുക്കൽ വന്നത് ജീവനുള്ള വചനങ്ങളുമായാണെന്നും, തന്റെ വചനങ്ങൾ സ്വീകരിക്കുന്ന എല്ലാവർക്കും ഇന്നും എന്നന്നേക്കും നിത്യജീവൻ ഉണ്ടാകുമെന്നും തന്റെ വചനങ്ങൾ തിരസ്ക്കരിക്കുന്നവരെല്ലാം ഒടുക്കത്തെ നാളിൽ അവയാൽ ന്യായം വിധിക്കപ്പെടുമെന്നും അവൻ പ്രഖ്യാപിച്ചു(വാ.47–50).

ഈ പ്രഖ്യാപനത്തിന്റെ അർത്ഥം എന്താണ്? ഇത്, കർത്താവ് യെഹൂദജനത്തോട്, താൻ അവരുടെ അടുക്കൽ വെളിച്ചമായി വന്ന ദൈവത്തിന്റെ പ്രത്യക്ഷത ആണെന്ന് പറഞ്ഞു എന്നു മാത്രമാണ്. അവർ അവനെ സ്വീകരിക്കുന്നുവെങ്കിൽ, അവർക്ക് ദൈവം ഉണ്ടായിരിക്കുകയും അവർ ദൈവപുത്രന്മാരായിത്തീരുകയും ചെയ്യും. എന്നാൽ അവർ അവനെ തിരസ്കരിച്ചാൽ, അവരെ ഇരുൾ കീഴടക്കും. മാത്രമല്ല, സംസാരിക്കുവാൻ ദൈവം അവന് കൊടുത്ത കല്പന അവർ സ്വീകരിച്ചാൽ, അത് അവർക്ക് നിത്യജീവനാണ്. അങ്ങനെയല്ലെങ്കിൽ, അതേ വചനംതന്നെ ഒടുക്കത്തെ നാളിൽ അവരുടെമേലുള്ള ന്യായവിധിയുടെ വാചകമായിത്തീരും. കർത്താവ് മതാനുസാരികളോട് ചെയ്ത അവസാനത്തെ പ്രഖ്യാപനമാണിത്. ഈ ഘട്ടത്തിൽ, കർത്താവ് മതാനുസാരികളുമായുള്ള ബന്ധം അവസാനിപ്പിക്കുന്നു. പതിമൂന്നാം അദ്ധ്യായം മുതൽ യെഹൂദന്മാരുമായി മേലാൽ യാതൊരു ബന്ധവുമില്ലാതെ കർത്താവ് തുടർച്ചയായി തന്റെ ശിഷ്യന്മാരോടൊപ്പമാണ്.

അതുകൊണ്ട്, ഈ അദ്ധ്യായത്തിൽ നാല് കാര്യങ്ങൾ ഉണ്ട്. യഥാർത്ഥ സഭാജീവിതം എന്താണെന്ന് ഒന്നാമത്തെ കാര്യം കാണിക്കുന്നു. കർത്താവ് എങ്ങനെ സഭയെ ഉളവാക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നുവെന്ന് രണ്ടാമത്തേത് വെളിപ്പെടുത്തുന്നു. അടയാളങ്ങളിൽ ജീവൻ എന്ന നിലയിൽ മതാനുസാരികൾക്കുവേണ്ടി കർത്താവ് എത്രമാത്രം ചെയ്താലും അവർ അവനുമായി ഒത്തുപോവുകയില്ലെന്ന് മൂന്നാമത്തേത് വെളിപ്പെടുത്തുന്നു. അവസാനമായി, മതഭക്തരായ ജനക്കൂട്ടത്തോട്, താൻ അവരിലേക്ക് വെളിച്ചമായി വരുന്ന ദൈവത്തിന്റെ പ്രത്യക്ഷത ആണെന്നും, അവർ അവനെ സ്വീകരിച്ചാൽ അവർ വെളിച്ചത്തിന്റെ മക്കൾ ആകുമെന്നും, അവർ അവനെ സ്വീകരിക്കുന്നില്ലെങ്കിൽ, അവരെ ഇരുൾ കീഴടക്കുമെന്നും, അവരോട് ജീവനുള്ള വചനങ്ങൾ സംസാരിക്കുവാൻ ദൈവത്തിന്റെ കല്പനയുമായാണ് താൻ അവരുടെ അടുക്കൽ വരുന്നതെന്നും, അവർ തന്റെ വചനങ്ങൾ സ്വീകരിച്ചാൽ, ആ വചനങ്ങൾ അവർക്ക് നിത്യജീവൻ ആയിത്തീരുമെന്നും, എന്നാൽ അവർ അവയെ തിരസ്കരിച്ചാൽ, ആ വചനങ്ങൾതന്നെ ഒടുക്കത്തെ നാളിൽ അവരെ ന്യായംവിധിക്കുമെന്നും, പ്രഖ്യാപിക്കുവാൻ കർത്താവ് എങ്ങനെ നിർബന്ധിതനായെന്ന് അവസാനത്തെ കാര്യം സൂചിപ്പിക്കുന്നു.